<u>ഭരണഭാഷ-മാതൃഭാഷ</u>

# കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

**പിൻ കോഡ്- 691001 ഫോൺ നമ്പർ : 0474-2746193**

**ഇമെയിൽ : secretarykollam@gmail.com**

നമ്പർ: 1746858-2024 തീയതി : 10-12-2024

പ്രേഷകൻ

റവന്യൂ ഓഫീസർ
കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

സ്വീകർത്താവ്

ഓഫീസ് മേധാവി (നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനായി )
മെയിൻ ഓഫീസ് ,എല്ലാ സോണൽ ഓഫീസുകളും , വില്ലേജ് ഓഫീസ് വടക്കേവിള

സർ,

വിഷയം: കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ -വടക്കേവിള സോണൽ -റവന്യൂ വിഭാഗം -പള്ളിമുക്ക് മാർക്കറ്റ് ഷോപ്പിങ് കോംപ്ലക്സ് പഴയ കെട്ടിടം പൊളിച്ചുമറ്റുന്നതിന് തല്പരരായ കക്ഷികളിൽ നിന്നും മത്സര സ്വഭാവമുള്ള ലേലം / ക്വട്ടേഷൻ ക്ഷണിക്കുന്നത് സംബധിച്ച്

സൂചന: 1. ബഹു . മുനിസിപ്പൽ കൌൺസിലിന്റെ 5/7/2023 തീയതിയിലെ 39-അം നംബർ തീരുമാനം

കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ -വടക്കേവിള സോണൽ ഓഫീസ് പരിധി യിലുള്ള പള്ളിമുക്ക് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് പുതിയ കെട്ടിടം നിർമിക്കേണ്ട സ്ഥലത്ത് നിലവിൽ സ്ഥിതി ചെയ്യുന്ന പഴയ മാർക്കറ്റ് കെട്ടിടം പൊളിച്ചു നീക്കം ചെയ്യുന്നതിന് തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവ മുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

ലേല തീയതി - 08/01/2025

ലേല സ്ഥലം - വടക്കേവിള സോണൽ ഓഫീസ്

ലേലം ചെയ്യുന്ന പള്ളിമുക്ക് മാർക്കറ്റ് പഴയ കെട്ടിടങ്ങൾക്ക്
നിശ്ചയിച്ചിട്ടുള്ള മുഖവില -3,13,290 + 18% Gst

നിരത ദ്രവ്യം/EMD - 16000

ലേലം ക്വട്ടേഷൻ എന്നിവയില് പങ്കെടുക്കുന്നവർ 07/01/2025 തീയതി ചൊവ്വാഴ്ച 3.00 pm മണി വരെ കൊല്ലം നഗരസഭ വടക്കേവിള സോണൽ ഓഫീസ് കാഷ് കൌണ്ടറിലൊ / മെയിൻ ഓഫീസ് കാഷ് കൌണ്ടറിലൊ EMD ഒടുക്ക് വരുത്തേണ്ടതാണ് . EMD ഉള്ളടക്കം ചെയ്ത സീൽഡ് ക്വട്ടേഷനുകൾ 07/01/2025 തീയതി വൈകിട്ട് നാല് മണി വരെ വടക്കേവിള സോണൽ ഓഫീസിൽ സ്വീകരിക്കുന്നതാണ്,

ഏതൊരു ലേലം/ക്വട്ടേഷൻ നിരസിക്കുന്നതിനുള്ള അധികാരം നഗര കൌൺസിലിൽ നിക്ഷിപ്തമാണ്. നഗരസഭയുടെ ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി പ്രഖ്യാപിക്കുകയാണെങ്കില് തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം ലേല സ്ഥലത്ത് വച്ച് ലേലം നടത്തുന്നതായിരിക്കും ലേലം/ ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് EMD അടച്ച രസീത് / രസീതിന്റെ പകർപ്പ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

മേൽ പറഞ്ഞ രേഖകള് ഇല്ലാത്തവരെ യാതൊരു കാരണവശാലും ലേലത്തില് പങ്കെടുപ്പിക്കുന്നതല്ല . കൂടുതല് വിവരങ്ങള് റവന്യൂ വിഭാഗത്തില് നിന്നോ www.kollamcorporation.gov.in എന്ന സൈറ്റിൽ നിന്നൊ ലഭ്യമാണ്. മേൽ പറഞ്ഞിട്ടുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്ന പ്രവൃത്തി കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ വടക്കേവിള അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.

മണ്ണ് ഒഴികെയുള്ള കെട്ടിട സാധന സാമഗ്രികൾ എല്ലാം നീക്കം ചെയ്തു പുതിയ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാം വിധം വടക്കേവിള സോണൽ അസിസ്റ്റന്റ് എഞ്ചിനിയർ നിഷ്കർഷിക്കുന്ന സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

Signature Not Verified
Digitally signed by Santhosh Kumar .A
Date: 2024.12.10 16:22:24 IST
Reason: KSMART

KOLLAM MUNICIPAL CORPORATION OFFICE

വിശ്വസ്തതയോടെ

റവന്യൂ ഓഫീസർ